

• പുസ്തകഭാഗം

# ഒറ്റവൈക്കോൽ വിപ്ലവം

## പുസ്തകത്തിലെ അവസാന അദ്ധ്യായം

ഈ കുടിലുകളിലെത്തുന്ന യുവാക്കളിൽ ആശയറ്റവരും ആത്മാവിലും ശരീരത്തിലും ഒരുപോലെ ദരിദ്രരും ഉണ്ട്. അവർക്കൊരു ജോടി ചെരിപ്പു കൊടുക്കാൻപോലും കഴിവില്ലാത്ത ഒരു കിഴവൻ കൃഷിക്കാരൻ മാത്രമാണ് ഞാൻ. എന്നാൽ എനിക്കു നൽകാൻ ഒരു സാധനമുണ്ട്.

ഒരിഴ വൈക്കോൽ!

കുടിലിനു മുന്നിൽനിന്ന് ഒരിഴ വൈക്കോലെടുത്തു ഞാൻ പറഞ്ഞു:-

"ഈ ഒരിഴ വൈക്കോലിൽനിന്നു തുടങ്ങാം വിപ്ലവം."

"മാനവരാശിയുടെ വിനാശം ആസന്നമായിരിക്കെ ആശയോടെ പിടിച്ചുതൂങ്ങാൻ നിങ്ങൾക്കൊരിഴ വൈക്കോലെങ്കിലുംമുണ്ടെന്നോ?" ഒരു ചെറുപ്പക്കാരൻ അല്പം കടുപ്പത്തിൽ ചോദിച്ചു.

ഈ വൈക്കോലിഴ ചെറുതും ലഘുവുമാണ്. എന്നാൽ അതിന്റെ കനം മിക്കവർക്കുമറിയില്ല. ഈ വൈക്കോലിന്റെ ശരിമൂല്യമെന്തെന്ന് ആളുകൾക്കറിയാമെങ്കിൽ ആ രാജ്യവും ലോകവും മാറ്റാൻ തക്ക കരുത്തുറ്റൊരു വിപ്ലവം സാധ്യമായേനെ.

എന്റെ കുട്ടിക്കാലത്ത് ഇനുയോസ് ചുരത്തിനടുത്തു പാർത്തിരുന്ന ഒരാളുണ്ടായിരുന്നു. മലയിൽനിന്നു രണ്ടു നാഴിക അകലത്തുള്ള ഗുഞ്ചുതുറമുഖത്തു കല്ക്കരി കെട്ടിപ്പൊതിഞ്ഞു കുതിരപ്പുറത്തെത്തിക്കലായിരുന്നു അയാൾക്കു തൊഴിൽ. എന്നിട്ടും അയാൾ പണക്കാരനായി. എങ്ങനെയെന്നു നിങ്ങൾ ചോദിച്ചാൽ ആളുകളാ കഥ പറയും. തുറമുഖത്തുനിന്നു വീട്ടിലേയ്ക്കുള്ള മടക്കത്തിൽ വഴിയോരത്തെ വളവസ്തുക്കളും കുതിരയുടെ വൈക്കോൽച്ചെരുപ്പും ശേഖരിച്ച് അയാൾ തന്റെ വയലിൽ കൊണ്ടിടും. അയാളുടെ ആദർശം ഇതായിരുന്നു; "വൈക്കോലിന്റെ ഒരിഴപോലും കളയരുത്. കാര്യമില്ലാതെ ഒരടിപോലും വെയ്ക്കരുത്." ഈ നിഷ്ടയാണ് അയാളെ ധനികനാക്കിയത്.

"വൈക്കോൽ കത്തിച്ചാലും വിപ്ലവത്തിനൊരു തീപ്പൊരിപോലും നിങ്ങൾക്കുണ്ടാക്കാൻ കഴിയില്ലെന്നു ഞാൻ കരുതുന്നു."

പഴത്തോട്ടത്തിലൂടെ മർമ്മരമൊഴിഞ്ഞു നനുത്തൊരു കാറ്റു കടന്നു പോയി. ഇലപ്പച്ചയിൽ അരുണരശ്മികൾ തത്തിക്കളിച്ചു. നെൽകൃഷി വൈക്കോലിന്റെ ഉപയോഗത്തെക്കുറിച്ച് ഞാൻ സംസാരിക്കാൻ തുടങ്ങി.

ഏതാണ്ട് 40 കൊല്ലമായികാണും, ബാർലിയും നെല്ലുമുണ്ടാക്കുന്നതിൽ വൈക്കോലിന്റെ പ്രാധാന്യം എനിക്കു ബോധ്യമായിട്ട്. അക്കാലത്തൊരിക്കൽ കോച്ചി ജില്ലയിലൂടെ കടന്നുപോകവേ വൈക്കോലിട്ടിരുന്ന കൃഷിചെയ്യാത്തൊരു വയലിൽ കളകൾക്കിടയിലൂടെ നല്ല കരുത്തുള്ള നെൽച്ചെടികൾ തലയുയർത്തിനില്ക്കുന്നതു ഞാൻ കണ്ടു. അന്നെന്റെ ഉള്ളിലുണർന്ന സങ്കല്പങ്ങൾക്കുമേൽ ഏറെക്കാലം പണിപ്പെട്ടതിന്ഫലമായി നെല്ലും ബാർലിയുമുണ്ടാക്കുന്നതിനു തീർത്തും പുത്തനായൊരു വഴി ഞാൻ കണ്ടെത്തി.

ഇതു തികച്ചും വിപ്ലവകരവും പ്രകൃതിക്കു ചേർന്നതുമായ ഒരു കൃഷിമാർഗ്ഗമാണെന്ന വിശ്വാസത്തോടെ പുസ്തകങ്ങളിലും ആനുകാലികങ്ങളിലും ഞാൻ അതിനെകുറിച്ച് എഴുതി. അനേക വട്ടം റേഡിയോ ടെലിവിഷൻ സംഭാഷണങ്ങളും പ്രഭാഷണങ്ങളും നടത്തി.

ലളിതമായ ഒരു കാര്യമായി തോന്നാമിത്. എന്നാൽ വൈക്കോലിന്റെ ഉപയോഗത്തെകുറിച്ചുള്ള യാഥാസ്ഥിതികചിന്തയിൽ ഉറച്ചതിനാൽ കൃഷിക്കാർ മാററം വേഗത്തിൽ അംഗീകരിച്ചേക്കില്ല. നെൽവയലിൽ വൈക്കോൽ വിതറുന്നത് കുഴപ്പമുണ്ടാക്കിയേക്കാം. വൈക്കോൽ, തണ്ടുചീയൽ, ഓലയുണക്കം എന്നീ രോഗങ്ങളുണ്ടാകാമെന്നതാണ് കാരണം. ഇത്തരം രോഗങ്ങൾ പണ്ടു വൻ നാശമുണ്ടാക്കിയിട്ടുണ്ട്. വയലിടുംമുമ്പ് കൃഷിക്കാർ വൈക്കോലെല്ലാം കമ്പോസ്റ്റാക്കിമാറ്റാൻ കാരണമിതാണ്. പണ്ടു ഓല ഉണക്കത്തിനെതിരായ പരിഹാരം ഉറയുന്ന മട്ടിൽ വൈക്കോൽ ശ്രദ്ധിച്ചു കൈകാര്യം ചെയ്തിരുന്നു. ഹൊക്കൈഡോവിൽ വൈക്കോൽ അപ്പാടെ ചുട്ടുകളയണമെന്ന് അനുശാസിച്ച് കാലങ്ങളുമുണ്ടായിട്ടുണ്ട്.

മഞ്ഞുകാലം കഴിഞ്ഞുപോകാൻ തണ്ടുതുരപ്പൻമാർ വൈക്കോലിനുള്ളിൽ പാർപ്പാക്കും. ഈ കീടബാധയെ തടയാൻ കൃഷിക്കാർ വൈക്കോലെല്ലാം മഞ്ഞുകാലം മുഴുവൻ ചീഞ്ഞഴുകാൻ ഇടുന്നു. വസന്തമെത്തുമ്പോഴേക്കും വൈക്കോൽ നന്നായി അഴുകിയോ എന്നു നോക്കും. ജപ്പാൻകാർ വയൽ വൃത്തിയായി സൂക്ഷിക്കാനും കാരണമിതാണ്. വൈക്കോൽ പാഴാക്കുന്ന കൃഷിക്കാരൻ ദൈവത്തിന്റെ കണ്ണിൽ കുറ്റക്കാരൻ എന്നാണ് പതിരറ്റ പഴഞ്ചൊല്ല്.

വിതയ്ക്കുന്നതിനാറു മാസം മുമ്പേ വയലിൽ പുതു വൈക്കോലിടുന്നതു തീർത്തും സുരക്ഷിതം എന്ന എന്റെ സിദ്ധാന്തത്തെ വർഷ

ങ്ങൾ നീണ്ട പരീക്ഷണങ്ങൾക്കു ശേഷം സാങ്കേതിക വിദഗ്ദ്ധർ പോലും സ്ഥിരീകരിച്ചിരിക്കുന്നു. വിഷയത്തെക്കുറിച്ചുള്ള മുൻസങ്കല്പങ്ങളെയെല്ലാം ഇതു തകിടം മറിച്ചിട്ടുണ്ട്. എന്നാൽ വൈക്കോലിങ്ങനെ വിതറുന്ന രീതി കൃഷിക്കാരനംഗീകരിക്കാൻ കാലമേറെ പിടിക്കും.

കമ്പോസ്റ്റിന്റെ ഉദ്പാദനം വർദ്ധിപ്പിക്കാൻ കൃഷിക്കാരൻ ശ്രമം തുടങ്ങിയിട്ടു കാലമേറെയായി. കമ്പോസ്റ്റു പ്രദർശനങ്ങളും നടത്താറുണ്ട്. മണ്ണിന്റെ രക്ഷാദേവതയാണ് കമ്പോസ്റ്റെന്ന വിശ്വാസം കൃഷിക്കാരനിൽ വേരുറപ്പിച്ചിരിക്കുന്നു. കൂടുതൽ കമ്പോസ്ററുണ്ടാക്കാൻ പുതിയൊരു പ്രസ്ഥാനം കൂടി ഉടലെടുത്തിട്ടുണ്ട്. മണ്ണിരകളും 'കമ്പോസ്റ്റു സ്റ്റാർട്ടറും' ഉപയോഗിച്ചാണ് കൂടുതൽ മെച്ചപ്പെട്ട ഈ കമ്പോസ്ററ് നിർമ്മിതി. തയ്യാറാക്കിയ കമ്പോസ്റ്റു വേണ്ടെന്നും വയലിൽ വൈക്കോൽ വിതറിയാൽ മതിയെന്നുമുള്ള എന്റെ നിർദ്ദേശം എളുപ്പം അംഗീകരിക്കപ്പെടുമെന്നുറപ്പിക്കാൻ വഴിയൊന്നുമില്ല.

ടോക്കിയോ യാത്രയിൽ ടൊക്കൈഡൊ തീവണ്ടിപ്പഴുതിലൂടെ കണ്ണോടിക്കവേ ജപ്പാൻ ഗ്രാമങ്ങൾക്കു വന്നു ചേർന്ന മാറ്റമെന്തെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഹേമന്തവയലുകളുടെ മട്ടും മാതിരിയും പത്തു കൊല്ലത്തിനുള്ളിൽ ഏറെ മാറിയിരിക്കുന്നു. പച്ച ബാർലിയും ചീനാമിൽക്കുവെച്ചും പൂവിട്ട കടുകിൻ ചെടികളും അഴകേറ്റുന്ന വയലുകൽ ഒരിടത്തും കാണാനേയില്ല. പകരം പകുതി കത്തിച്ച വൈക്കോൽകൂനകൾ മഴയിൽ അഴുകാനിട്ടിരിക്കുന്നതു കാണാം. അശ്രദ്ധമായിട്ടിരിക്കുന്ന ഈ വൈക്കോൽതന്നെ ആധുനികമായ പിഴച്ച കൃഷിയുടെ ലക്ഷണമാകുന്നു. വയലുകളുടെ ഫലവീര്യവും കൃഷിക്കാരന്റെ ആത്മവീര്യവും വരണ്ടിരിക്കുന്നു. സർക്കാർ മേധാവികളുടെ താന്തോന്നിത്തരത്തിന്റെയും കൃഷിനയത്തകരാറിന്റെയും തെളിവാകുന്നു ഇത്.

അനേകവർഷം മുമ്പ് ശീതകാലധാന്യകൃഷിയുടെ 'ദയാമരണ'ത്തെക്കുറിച്ചും അതിന്റെ വഴിയോരമരണത്തെക്കുറിച്ചും പ്രസംഗിച്ച മാന്യൻ ഇപ്പോൾ ഈ തരിശുനിലങ്ങൾ കാണുമ്പോൾ എന്തു പറയുമോ, ആവോ! മഞ്ഞുകാലത്തു തരിശിടുന്ന വയലുകൽ കാണുമ്പോൾ എനിക്കൊട്ടും സഹിക്കാനാവുന്നില്ല. ഈ വൈക്കോൽ കൊണ്ടു ഞാനൊറ്റയ്ക്കു തുടങ്ങും ഒരു വിപ്ലവം.

നിശബ്ദരായി കേട്ടുകൊണ്ടിരുന്ന യുവാക്കൾ ചിരിച്ചാർത്തു.

"ഒരു ഒറ്റയാൽ വിപ്ലവം! നാളെ നമുക്കു വലിയൊരു ചാക്കുനിറയെ നെല്ലു-ബാർലി-ക്ലോവർ വിത്തുകൾ ചുമലിലേറ്റിപ്പോകുക, * ഒകുനിനുഷി-നൊ-മിക്കോട്ടേവിനെപ്പോലെ. ടൊക്കൈഡൊ വയലുകളിലെല്ലാം വിത്തുവിതറുക"

"അതൊരു ഒറ്റയാൾ വിപ്ലവമല്ല." ഞാനും ചിരിച്ചു; "അതൊരു ഒററ വൈക്കോൽ വിപ്ലവമാകുന്നു."

കുടിൽവിട്ടു പോക്കുവെയിലത്തിറങ്ങിയ ഞാൻ ഒരു നിമിഷം നിന്നു. ഫലഭാരത്താൽ കുനിഞ്ഞ മരങ്ങൾ കണ്ടു. കളകൾക്കും ക്ലോവരുമിടയിൽ ചിക്കിചികയുന്ന കോഴികളെ നോക്കി പതിവിൻപടി ഞാൻ വയലിലേക്കിറങ്ങി.

* പിൻപുറത്ത് തൂക്കിയിട്ട പൊക്കണത്തിൽ നിന്നും സൗഭാഗ്യമെറിഞ്ഞുകൊണ്ടും, രോഗം ശമിപ്പിച്ചുകൊണ്ടും ഊരുചുറ്റുന്ന ഒരു ഐതിഹ്യദേവൻ


## കേരളീയം 10-ാം വാർഷികം

പ്രിയ സുഹൃത്തേ,

1998 നവംബറിൽ പ്രസിദ്ധീകരണം ആരംഭിച്ച കേരളീയം പത്തുവർഷം പൂർത്തിയാക്കുകയാണ്. ജനകീയ പ്രതിരോധത്തിന്റെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെയും പാരിസ്ഥിതിക വിവേകത്തന്റേയും മാദ്ധ്യമ ഇടപെടലായി കേരളീയം കേരളീയരുടെ മുൻപിൽ 133 ലക്കങ്ങൾ പിന്നിടുകയാണ്. ഏറെ പരിമിതികളോടെ ഒട്ടേറെ വെല്ലുവിളികളെ അഭിമുഖീകരിച്ച് പ്രതിസന്ധികളിലൂടെയുള്ള ഈ ജീവിതയാത്രയിൽ പത്തുവർഷങ്ങൾ അത്ര ചെറുതല്ലെന്ന് കരുതാമോ? കേരളീയം വായനക്കാരുടെ മുന്നിൽ പ്രവർത്തകരുടെയും സുഹൃത്തുക്കളുടെയും കൂടുതൽ ഇടപെടലിനും മെച്ചപ്പെടലിനുള്ള പിൻതുണക്കായി കൈനീട്ടുന്നു. നമുക്കൊന്നു ഒത്തുകൂടാം. യോജിപ്പും, വിയോജിപ്പും പങ്കുവെക്കാം. ഊർജ്ജസ്വലമായി തുടരാനുള്ള സാദ്ധ്യതയാലോചിക്കാം. താങ്കളുണ്ടാകണം. സ്നേഹപൂർവ്വം,

റോബിൻ

ബന്ധങ്ങൾക്ക് :

9446576943, 9995196505,
9895458954, 9447674375,
0487-2421385.


**വരയും വരിയും** — റഫീക് അഹമ്മദ്




